'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത് മുൻ അസിസ്റ്റന്റ് സെക്രട്ടറി ശ്രീമതി. സെയിദാ ബീഗം എ. സമർപ്പിച്ച അപ്പീൽ അപേക്ഷ - നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.376/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 13/02/2020**

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 17.12.2017-ലെ ഡി6-24979/2015 നമ്പർ നടപടിക്രമങ്ങൾ

2 ശ്രീമതി. സെയിദാ ബീഗം എ. സമർപ്പിച്ച തീയതി രേഖപ്പെടുത്താത്ത അപ്പീൽ അപേക്ഷ

3 പഞ്ചായത്ത് ഡയറക്ടറുടെ 17.06.2019-ലെ PAN-378/2019-D6(DP) (D6-24979/15) നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം ജില്ലയിലെ ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറിയും പഞ്ചായത്ത് ഇലക്ഷൻ സംബന്ധിച്ച അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുമായിരുന്ന ശ്രീമതി. സെയിദാ ബീഗം 02.06.2015 മുതൽ 20.07.2015 വരെ അവധി അപേക്ഷ സമർപ്പിച്ചുവെങ്കിലും പഞ്ചായത്ത് ഇലക്ഷൻ സംബന്ധിച്ച് കരട് വോട്ടർ പട്ടികയിന്മേൽ ആക്ഷേപങ്ങൾ സ്വീകരിച്ച് ആയത് പരിഹരിക്കുകയും പുതിയ വോട്ടർമാരെ ചേർത്ത് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടതിനാൽ ശ്രീമതി. സെയിദാ ബിഗത്തിന് അവധി അനുവദിക്കുകയുണ്ടായില്ല. എന്നാൽ ടിയാരി സ്വയം അവധിയിൽ പ്രവേശിക്കുകയും തുടർന്ന് ടിയാരിയുടെ അവധി അപേക്ഷയും മെഡിക്കൽ സർട്ടിഫിക്കറ്റും മെഡിക്കൽ ബോർഡിന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും മെഡിക്കൽ ബോർഡ് നിരാകരിക്കുകയും ചെയ്തിരുന്നു. ഇപ്രകാരം തികച്ചും അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്ന ശ്രീമതി. സെയിദാ ബീഗം 20.07.2015-ൽ ഓഫീസിൽ ഹാജരായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അനുമതിയില്ലാതെ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. തുടർന്ന് പ്രസ്തുത അനധികൃത ഹാജരില്ലായ്മ സംബന്ധിച്ച് ശ്രീമതി. സെയിദാ ബീഗത്തിനെതിരെ പഞ്ചായത്ത് ഡയറക്ടർ അച്ചടക്ക നടപടി സ്വീകരിക്കുകയും ടിയാരിയുടെ ഒരു വാർഷികശമ്പളവർദ്ധനവ് സഞ്ചിതഫലമില്ലാതെ 6 മാസത്തേക്ക് തടഞ്ഞ് കൊണ്ട് അച്ചടക്കനടപടി തീർപ്പാക്കി പരാമർ ശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ശ്രീമതി. സെയിദാ ബീഗം എ. പരാമർശം (2) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

ശ്രീമതി. സെയിദാ ബീഗം എ. സമർപ്പിച്ച അപ്പീൽ അപേക്ഷയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർ ശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ ശ്രീമതി. സെയിദാ ബീഗത്തിനെതിരെ അച്ചടക്ക

നടപടി തീർപ്പാക്കി 17.12.2017-ൽ പുറപ്പെടുവിച്ച ഉത്തരവ് ടിയാരി 13.03.2018-ൽ കൈപ്പറ്റിയിട്ടുണ്ടെന്നും പ്രസ്തുത ഉത്തരവിനെതിരെ ടിയാരി തീയതി രേഖപ്പെടുത്താതെ സർക്കാരിലേക്കുള്ള അപ്പീൽ അപേക്ഷ തപാൽ മാർഗ്ഗേന 01.10.2018-ലാണ് പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിൽ സ്വീകരിച്ചിട്ടുള്ളതെന്നും കെ.സി.എസ്. ചട്ടം 2 5 പ്രകാരം അപ്പീലുകൾ ബോധിപ്പിക്കുന്നതിനുള്ള കാലഹരണ കാലാവധി പ്രകാരമുള്ള സമയക്ലിപ്തത പാലിച്ചായിരുന്നില്ല അപ്പീൽ സമർപ്പിച്ചിരുന്നതെന്നും ശ്രീമതി. സെയിദാ ബീഗത്തിന്റെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലുള്ള അവധി അപേക്ഷ മെഡിക്കൽ ബോർഡിന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും മെഡിക്കൽ ബോർഡ് അപേക്ഷ തള്ളുകയും ചെയ്തിരുന്നുവെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവ് 13.03.2018-ൽ കൈപ്പറ്റിയ ശ്രീ. സെയിദാ ബീഗം 6 മാസങ്ങൾക്കു ശേഷമാണ് അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. കെ.സി.എസ്. (സി.സി.&എ) 1960-ലെ ചട്ടം 2 5 പ്രകാരം അപ്പീലുകൾ ബോധിപ്പിക്കുന്നതിനുള്ള കാലഹരണ കാലാവധി പ്രകാരമുള്ള സമയക്ലിപ്തത പാലിച്ചായിരുന്നില്ല ശ്രീമതി. സെയിദാ അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത് എന്നതിനാലും ശ്രീമതി.സെയിദാ ബീഗത്തിന്റെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലുള്ള ലീവ് അപേക്ഷ മെഡിക്കൽ ബോർഡിന്റെ പരിഗണനക്ക് അയക്കുകയും മെഡിക്കൽ ബോർഡ് അപേക്ഷ തള്ളുകയും ചെയ്തിരിരുന്നതായി പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും അപ്പീൽ അപേക്ഷ പരിഗണനാർഹമല്ലാത്തതിനാലും ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറിയായിരുന്ന ശ്രീമതി. സെയിദാ ബീഗം എ. സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീമതി. സെയിദാ ബീഗം എ., മുൻ അസിസ്റ്റന്റ് സെക്രട്ടറി, ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/40/2019/തസ്വഭവ)

File No.LSGD-EPB2/40/2019-LSGD

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ